©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 10
10th October 2025
1201 കന്നി 24
24th Kanni 1201
1947 ആശ്വിനം 18
18th Aswina 1947

നമ്പർ
No.
3616

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്.

വിജ്ഞാപനം

ജി.ഒ.(പി) നം.96/2025/H&FWD
എസ്. ആർ. ഒ. നമ്പർ 1178/2025

തിരുവനന്തപുരം,2025 ഒക്ടോബർ, 8.

2023 ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ (2023- ലെ 28-ാം ആക്റ്റ്) 28-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

'പാമ്പുകടി വിഷബാധ' എന്നത് സംസ്ഥാനമൊട്ടാകെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2023- ലെ കേരളപൊതുജനാരോഗ്യ ആക്റ്റിലെ (2023-ലെ 28-ാം ആക്റ്റ്) 28-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിവരങ്ങൾ ശേഖരിക്കേണ്ടതോ ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതോ ആയ ഏതെങ്കിലും പകരുന്നതോ അല്ലാത്തതോആയ രോഗത്തെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി വിജ്ഞാപനം ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

വിഷപ്പാമ്പിന്റെ കടിയേറ്റാൽ ജീവൻ അപകടത്തിലാകാൻ സാധ്യതയുള്ള ഒരു രോഗമാണ് പാമ്പുകടി വിഷബാധ. വിഷപ്പാമ്പുകളുടെ കടിയേറ്റാൽ ഉചിതമായ ചികിത്സ സമയബന്ധിതമായി നൽകിയില്ലെങ്കിൽ വ്യക്തിയുടെ മരണത്തിനോ, മാരകമായതോ സ്ഥിരമായ വൈകല്യത്തിലേക്ക് നയിച്ചേക്കാവുന്നതോ ആയ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാം. ആയതിനാൽ 2023-ലെ കേരളപൊതുജനാരോഗ്യ ആക്റ്റിലെ 28-ാം വകുപ്പിന്റെ 3- ാം ഉപവകുപ്പ് പ്രകാരം സർക്കാർ പാമ്പുകടി വിഷബാധയെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി പ്രഖ്യാപിക്കുന്നതിനു തീരുമാനിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.10 02:01:36 +05:30